**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 61** **10-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ വകുപ്പുകളിൽ ഇ-ഗവേൺസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകളിൽ ഇ-ഗവേൺസ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രധാന ഇ-ഗവേണൻസ് സേവനങ്ങളായ ഇ-ഡിസ്ട്രിക്ട്, ഇ-സേവനം, എം-സേവനം, ഇ-ഓഫീസ്, ഇ-പ്രൊക്യൂർമെന്റ്, സി.പി.ആർ.സി.എസ്. (Centralized Procurement and Rate Contract System) മുതലായവ പൗരന്മാർക്ക് എളുപ്പത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകളുടെ സുതാര്യത, വേഗത, കാര്യക്ഷമത എന്നിവ വർദ്ധിപ്പിയ്ക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്.<br><br>**ഇ-ഡിസ്ട്രിക്ട്-** റവന്യൂ വകുപ്പ് മുഖേന ലഭിയ്ക്കുന്ന സർട്ടിഫിക്കറ്റ് സേവനങ്ങൾ, വിവരാവകാശ (ആർടിഐ ) സേവനങ്ങൾ, പൊതു പരാതി സേവനങ്ങൾ, മറ്റ് പേയ്മെന്റ് സേവനങ്ങൾ- യൂട്ടിലിറ്റി പേയ്മെന്റ് സേവനങ്ങൾ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സേവനങ്ങൾ, വെൽഫെയർ ബോർഡ് ഫീസ് പേയ്മെന്റുകൾ, പോലീസ് ഡിപ്പാർട്ട്മെന്റ് പേയ്മെന്റുകൾ, റവന്യൂ കോടതി കേസുകൾ, വനം വകുപ്പ് മുഖേനയുള്ള സേവനങ്ങൾ എന്നിവ ഒരു പോർട്ടലിലൂടെ പൗരന്മാർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്.<br><br>**ഇ-പ്രൊക്യൂർമെന്റ് -** ഇ-പ്രൊക്യൂർമെന്റ് പദ്ധതിയിലൂടെ ടെൻഡർ നടപടികൾ കൂടുതൽ സുതാര്യവും കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തിയാക്കുവാൻ സാധിക്കുന്നു.<br><br>**ഇ-സേവനം-** സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ച് കൊണ്ട് പൗരന്മാർക്ക് എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ എത്തിയ്ക്കുന്ന പദ്ധതിയാണിത്.<br><br>**എം-സേവനം-** സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരു മൊബൈൽ ആപ്പ്ളിക്കേഷനിൽ സംയോജിപ്പിച്ച് കൊണ്ട് പൗരന്മാർക്ക് എല്ലാ |

| | | | |
|---|---|---|---|
| | | | സേവനങ്ങളും വിരൽത്തുമ്പിൽ എത്തിയ്ക്കുന്ന പദ്ധതിയാണിത്.<br><br>**സി.പി.ആർ.സി.എസ്**. (Centralized Procurement and Rate Contract System)- കേരളത്തിലെ സർക്കാർ വകുപ്പുകൾക്കുള്ളിലെ ഐ.ടി. അധിഷ്ഠിത സാമഗ്രികളുടെ സംഭരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ആരംഭിച്ച സംവിധാനമാണിത്.<br><br>**ഇ-ഓഫീസ്** ഫയൽ മാനേജ്മെന്റ് സിസ്റ്റം (ഇ-ഫയൽ)- സർക്കാർ ഓഫീസുകളിൽ പേപ്പർ ഫയൽ പ്രോസസ്സിംഗ് ഒഴിവാക്കുകയും ഡിജിറ്റൽ വർക്ക്ഫ്ലോ സംവിധാനം ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനാണ് ഇത്.<br><br>ഇത് കൂടാതെ എല്ലാ സർക്കാർ സേവനങ്ങളും പൗരന്മാർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായും ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തവരോ അത് ഉപയോഗിക്കാൻ അറിയാത്തവരായ ആളുകളെ സഹായിയ്ക്കുവാൻ അക്ഷയാ കേന്ദ്രങ്ങൾ, സിറ്റിസൺ സർവ്വീസ് സെന്ററുകൾ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളും പ്രവർത്തിയ്ക്കുന്നു. |
| (ബി) | ഫയലുകളുടെ സുതാര്യതയും കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സർക്കാർ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുക വഴി ഫയലുകളുടെ സുതാര്യതയും കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനു സാധിച്ചിട്ടുണ്ട്. നിലവിൽ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും, എല്ലാ കളക്ടേറ്റുകളിലും, റവന്യൂ ഡിവിഷനുകളിലും, താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കി. ഇവ കൂടാതെ 81 ഡയറക്ടേറ്റ്/ കമ്മീഷണറേറ്റുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ മുതലായ ഓഫീസുകളിൽ നിന്നും അപേക്ഷ വരുന്ന മുറക്ക് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. നിലവിൽ 144 പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കോർപ്പറേഷനുകൾ/ യൂണിവേഴ്സിറ്റികൾ/ മറ്റ് സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. താഴെ തട്ടിലുള്ള ഓഫീസുകൾ വരെ ഇ-ഓഫീസ് സംവിധാനത്തിലേക്ക് കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് വഴി ഫയൽ നടപടികൾ വേഗത്തിലും കാര്യക്ഷമവുമാക്കുവാൻ സാധിക്കും. |

| | | | |
|---|---|---|---|
| (സി) | സർക്കാർ വകുപ്പുകളിൽ അഴിമതി കുറയ്ക്കുന്നതിന് ഇ-ഗവേൺസ് നടപ്പിലാക്കിയതിലൂടെ സാധിച്ചതായി കണക്കാക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | സർക്കാർ സേവനങ്ങൾ ഓൺലൈൻ ആയി ലഭിയ്ക്കുന്നത് മൂലം പൗരന്മാർക്ക് നേരിട്ട് ഓഫീസുകൾ സന്ദർശിക്കേണ്ട സാഹചര്യം ഒഴിവാകുകയും അവരുടെ ആവശ്യങ്ങൾ വേഗത്തിൽ സാധിയ്ക്കുന്നത് മൂലം അഴിമതിയ്ക്കുള്ള സാഹചര്യം ഒഴിവാക്കുവാനും സാധിച്ചിട്ടുണ്ട്. മേൽ വിവരിച്ച മറ്റ് ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും വേഗത്തിൽ ആക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുക വഴി ഫയലുകളുടെ സുതാര്യതയും കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ